**കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം**

**ചീഫ് എക്സിക്യൂട്ടീവിന്റെ (ഇൻ ചാർജ്) നടപടിക്രമങ്ങൾ**

**(ഹാജർ- ശ്രീ.കെ.ശ്രീലാൽ)**

വിഷയം- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്- ഭിന്ന ശേഷി ജീവനക്കാരുടെ പ്രത്യേക അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന- 1) ജി.ഒ.(പി) നം.07/2016/ഫിൻ തീയതി 20.01.2016

2) ജി.ഒ.(എം.എസ്)നം.282/2017/(60)/ഫിൻ തീയതി 30.05.2017

**ഉത്തരവ് നമ്പർ എഫ്1-10891/17 തീയതി 21.06.2017**

സൂചന (1) പത്താം ശമ്പള പരിഷ്കരണ ഉത്തരവിൻ പ്രകാരം ഭിന്ന ശേഷി ജീവനക്കാരുടെ പ്രത്യേക അലവൻസ് 01.02.2016 മുതൽ പ്രതിമാസം 800/- രൂപയാക്കി വർദ്ധിപ്പിച്ചത് ബോർഡിലും നടപ്പാക്കിയിട്ടുള്ളതാണ്. സൂചന (2) പ്രകാരം ഭിന്നശേഷി ജീവനക്കാരുടെ പ്രത്യേക അലവൻസ് 01.06.2017 പ്രാബല്യത്തിൽ പ്രതിമാസം 1000/- രൂപയാക്കി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം സർക്കാർ വർദ്ധിപ്പിച്ച ഭിന്നശേഷി ജീവനക്കാരുടെ പ്രതിമാസ അലവൻസ് 1000/- രൂപയാക്കി 01.06.2017 തീയതി മുതൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലും അതിനുകീഴിലെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഉൾപ്പെടെയുള്ള എല്ലാ ജില്ലാകമ്മിറ്റികളിലും /ഉപകാര്യാലയങ്ങളിലുമുള്ള ഭിന്ന ശേഷി ജീവനക്കാർക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്)

**സ്വീകർത്താവ്**

എല്ലാ ജില്ലാകമ്മിറ്റി ചെയർമാൻമാർ മുഖേന ഉപകാര്യാലയങ്ങൾ
/കൊച്ചിൻ പോർട്ട്ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ

**പകർപ്പ്**

ഫൈനാൻസ് ഓഫീസർ
അക്കൗണ്ട്സ് ഓഫീസർ(ഡബ്ലിയു & ഇ),(പി&എ), (ഐ.എ)
ജൂനിയർ സൂപ്രണ്ട് (എല്ലാ സെക്ഷനുകളിലും)
ബിൽ/എസ്.എഫ്/സ്പെയർ

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്